**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/13908/2023-SE2 തീയതി:08-11-2024

## നോട്ടീസ്

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം - ശ്രീ. എം. ശ്രീകുമാർ കൃഷി അസിസ്റ്റന്റിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് -

സൂചന:- 14-08-24 തീയതിയിലെ താങ്കളുടെ ഇ(4)553/2018 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു,പാലക്കാട് ജില്ലയിൽ ജോലി നോക്കിയിരുന്നപ്പോൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കൃഷി അസിസ്റ്റന്റ് ശ്രീ.ശ്രീകുമാർ എം എന്ന താങ്കൾക്ക് താക്കീത് നൽകി തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിപ്പിക്കുകയും കഴൂർ കൃഷി ഭവനിൽ ജോലിയിൽ പ്രവേശിച്ച ശേഷവും താങ്കൾ അനധികൃത ഹാജരില്ലായ്മ തുടരുകയും ചെയ്യ്തതിനാൽ സേവനത്തിൽ നിന്ന് വേലവിലക്കി ഉത്തരവായിരുന്നു, എന്നാൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും , താങ്കൾ അട്ടപാടി പ്രദേശത്തെ ആദിവാസി വിഭാഗത്തിൽ പെട്ട വ്യക്തി ആയതിനാലും താങ്കളുടെ ജീവിത സാഹചര്യം സാമ്പത്തിക സ്ഥിതിയും വളരെ പരിതാപകരമായതിനാലും മാനുഷിക പരിഗണന നൽകി ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന അറിയിപ്പോട്ടു കൂടി അച്ചടക്ക നടാപടികൾ നിലനിർത്തി കൊണ്ട് തിരികെ സേവനത്തിൽ പ്രവേശിപ്പിച്ച് തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ കൃഷി ഭവനിൽ നിയമിച്ചു, ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ 27-08-22 ൽ കടവല്ലൂർ കൃഷി ഭവനിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്യ്തു, എന്നാൽ 23-02-2023 മുതൽ 28-03-2023 വരെ വീണ്ടും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും 29-03-2023 ന് ജോലിയിൽ പ്രവേശിക്കുകയും ശൂന്യവേതനാവധിക്കു അപേക്ഷ സമർപ്പിക്കുകയും ചെയ്തു,

തുടർന്ന് വീണ്ടും താങ്കൾ 08-05-2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരായിട്ടില്ല , തുടർന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ താങ്കൾക്ക് 26-05-2023 ന് ഒരു താക്കീത് നൽകിയിട്ടുണ്ട് , ആയത് കൈപറ്റിയിട്ടും താങ്കൾ നാളിതു വരെ ജോലിക്ക് ഹാജരായിട്ടില്ല എന്നു തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരുന്നു .ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ 1960 KCS(CC&A) Rule 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി ഈ കാര്യാലയത്തിൽ നിന്നും കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.താങ്കൾ കുറ്റപത്രം കൈപറ്റിയിട്ടും ആയതിന് മറുപടി നൽകുകയോ ഓഫീസിൽ ഹാജരാകുകയോ ചെയ്തില്ല.ആയതിനു ശേഷം 28-05-24 തീയതിയിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ നേരിൽ കേൾക്കുന്നതിനായി ഹാജരാകുവാൻ നോട്ടീസ് നൽകിയിരുന്നു.എന്നാൽ താങ്കൾ ഹിയറിങ്ങിനായി ഹാജരായില്ല. മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി KCS(CC&A) റൂൾ 15 പ്രകാരം എൻക്വയറി നടത്തുന്നതിന് തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഹാരിസ് പി. ഐ യെ ചുമതലപെടുത്തി ഉത്തരവാക്കി.

തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്വേഷണ

റിപ്പോർട്ടിൽ ഓഫീസിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ശ്രീ എം ശ്രീകുമാർ കൃഷി അസിസ്റ്റന്റ് 2023 മേയ് 8 മുതൽ നാളിതു വരെ ഓഫീസിൽ ഹാജരായിട്ടില്ല എന്ന് ബോധ്യപെട്ടതായും കടവല്ലൂർ കൃഷി ഭവനിൽ നിന്നും താങ്കളുടെ വീട് അഡ്രസ്സിൽ കത്തയച്ചെങ്കിലും താങ്കൾ കത്തിനോട് പ്രതികരിച്ചിട്ടില്ലെന്നും താങ്കൾക്കെതിരെ മേൽ നടപടികൾ സ്വീകരിക്കണമെന്നും അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. തുടർന്ന് താങ്കളെ നേരിൽ കേൾക്കുന്നതിനായി ഒരവസരം കൂടെ നൽകുകയും 09-10-24 ന് ഹിയറിങ്ങിന് ഹാജരാകുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ വീണ്ടും താങ്കൾ ഹിയറിങ്ങിന് ഹാജരായില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ താങ്കൾക്ക് ഈ കാര്യാലയത്തിൽ നിന്നും ഒന്നിൽ കൂടുതൽ തവണ ഹാജരില്ലായ്മയുടെ പേരിൽ അച്ചടക്ക നടപടി നേരിട്ടിട്ടുണ്ട് കൂടാതെ പല തവണ താക്കീത് നൽകിയിട്ടും താങ്കൾ നിലവിലും ഹാജരില്ലായ്മ തുടരുകയാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും ഒന്നിലധികം തവണ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയിരുന്നു, കുറ്റപത്രം, നോട്ടീസ് എന്നിവ നൽകിയിട്ടും താങ്കൾ ഇതിനൊന്നും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ടി വിഷയത്തിൽ ഒരു ഉത്തരവാദപ്പെട്ട സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയും കടുത്ത അച്ചടക്ക ലംഘനവുമായി വീക്ഷിക്കുന്നു. മേൽ സാഹചര്യത്തിൽ താങ്കൾ അനധികൃത ഹാജരില്ലായ്മ തുടരുകയും വകുപ്പ്തല അന്വേഷണത്തിൽ സഹകരിക്കാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താങ്കളെ absconding ആയി രേഖപെടുത്തി സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം താത്കാലികമായി കൈക്കൊണ്ട വിവരം താങ്കളെ അറിയിക്കുന്നു. ആയതിൽ അന്തിമ തീരുമാനം കൈകൊള്ളാതിരിക്കാൻ കാരണമുള്ളപക്ഷം ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വിഷയത്തിൽ താങ്കൾക്ക് മറ്റൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേൽ നോട്ടീസ് ടിയാൻ കൈപറ്റിയിട്ടില്ലായെങ്കിൽ ആയത് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ടിയാനെ കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനായി ബന്ധപെട്ട പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കേണ്ടതാണെന്നും തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദേശം നൽകുന്നു.

വിശ്വസ്തതയോടെ

Signed by
P S Beena
Date: 08-11-2024 22:10:33

BEENA P S
SENIOR ADMINISTRATIVE OFFICER
കൃഷി ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: ശ്രീ. എം. ശ്രീകുമാർ
കൃഷി അസിസ്റ്റന്റ്
കൃഷി ഭവൻ കടവല്ലൂർ , തൃശ്ശൂർ
( പ്രിൻസിപ്പൽ കൃഷി ഓഫീസർ തൃശ്ശൂർ മുഖാന്തിരം )

പകർപ്പ്: പ്രിൻസിപ്പൽ കൃഷി ഓഫീസർ തൃശ്ശൂർ ( ബന്ധപെട്ട ജീവനക്കാരന് പകർപ്പ് ലഭ്യമാക്കി ആയതിന്റെ തീയതി വെച്ച ഒപ്പ് രേഖപെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്. )